# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5714** | **18.11.2019 – ൽ മറുപടിക്ക്.**

**കേരള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ കരട്**

ചോദ്യം

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ :**

**(എ)** 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് കേരള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

**(ബി)** എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങളെന്ന് അറിയിക്കാമോ;

**(സി)** ഉത്തരവിലെ നിർദ്ദേശങ്ങൾ റേഷൻ വ്യാപാരികൾക്ക് ദോഷകരമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** എങ്കിൽ ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് റേഷൻ വ്യാപാരികളുമായി ചർച്ച ചെയ്യുന്നതിനും അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും (സി) യും (ഡി) യും**

1966 ലെ കേരളാ റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആയതിന്റെ കരട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. www.civilsupplieskerala.gov.in എന്ന വെബ്സൈറ്റിൽ പ്രസ്തുത കരട് ലഭ്യമാണ്. ആയതിൽ നിലവിലുള്ള റേഷനിംഗ് ഓർഡറിലെ പ്രധാന നിർദ്ദേശങ്ങൾക്കുപുറമേ, ഭക്ഷ്യ ഭദ്രത അടിസ്ഥാനപ്പെടുത്തിയുള്ള മാറ്റം വരുത്തിയ റേഷൻ വിതരണ സമ്പ്രദായത്തിനനുസൃതമായ നിർദ്ദേശങ്ങളും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ റേഷൻ വ്യാപാരികൾക്ക് ദോഷകരമായ നിർദ്ദേശങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പൊതുജനങ്ങളുടേയും വ്യാപാരി പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിശോധിച്ച് മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**